


# ദലച്ചാർത്ത്

**GHSS THALAPPUZHA**

**LITTLE KITE DIGITAL MAGAZINE 2019-20**

സർഗ്ഗാത്മകതയുടെ  കൗതുക കണ്ണുകൾ

ഇവിടെ 'ലിറ്റിൽ കൈറ്റി'ലൂടെ തുറക്കപ്പെടുമ്പോൾ

ആവിഷ്ക്കാരത്തിന്റെ പുതുഭംഗികൾ ഉയിർക്കുമ്പോൾ

അതിന്റെ ശ്രമങ്ങൾക്ക്, കൂട്ടായ്മകൾക്ക്

ആശംസകളോടെ

സ്റ്റാനി പി എ

**(ഹെഡ് മാസ്റ്റർ)**

# ഉള്ളടക്കം


1.പ്രതിഭകളെ തേടി ഒരു യാത്ര..(യാത്രാവിവരണം)
2.കഷ്ടപ്പാടിന്റെ വേദന......(കഥ)
3.കഥയറിയാതെ......(കഥ)
4.കടങ്കഥകൾ......
5.ഗർഭസ്ഥമായിരിക്കുന്നതിനെച്ചൊല്ലി......(കവിത)
6.ആറ്റൂർ രവിവർമ്മ......(ജീവചരിത്രക്കുറിപ്പ്)
7.സ്റ്റീഫൻ ഡബ്ല്യ ഹോക്കിങ്ങ്......(ജീവചരിത്രക്കുറിപ്പ്)
8.എ പി ജെ അബ്ദുൾ കലാം......(ജീവചരിത്രക്കുറിപ്പ്)
9.പ്രളയം......(ലേഖനം)
10.മലയാളം......(ലേഖനം)
11.എന്റെ പ്രകൃതി......(കവിത)

## പ്രതിഭകളെ തേടി

## ഒരു യാത്ര

ഞങ്ങൾ സ്കൂളിൽ നിന്ന് ഒരു മനോഹരമായ യാത്ര പോയി. എങ്ങോട്ടേയ്ക്കാണെന്നോ? എല്ലാവരും കാണാൻ ഒത്തിരി ആഗ്രഹിയ്ക്കുന്ന പ്രകൃതിയുടെ കൈകളാൽ നിർമിതമായ അതിമനോഹരമായ മക്കിമല എന്ന കൊച്ചു ഗ്രാമത്തിലേയ്ക്ക്. എന്തിനാണെന്നോ? നവംബർ 14 ശിശുദിനത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മന്ത്രിയുടെ നിർദ്ദേശ പ്രകാരം "പ്രതിഭകളെ ആദരിയ്ക്കുക" എന്ന ചടങ്ങിന്റെ ഭാഗമായി. പ്രതിഭകളെ ആദരിയ്ക്കുന്നതിന്റെ ഭാഗമായി ഞങ്ങൾ എത്തിച്ചേർന്നത് ശ്രീ അച്ചപ്പൻ വൈദ്യരുടെ അടുത്താണ്.

ഓരോ ഡിവിഷനുകളിൽ നിന്നായി ഞങ്ങൾ 16 കുട്ടികളും 4 അധ്യാപകരും ചേർന്ന് നവംബർ 14 – നാണ് ഈ കൊച്ചുയാത്ര പോയത്.

സ്കൂളിൽ നിന്ന് ഉച്ചഭക്ഷണത്തിന് ശേഷം രണ്ട് ജീപ്പുകളിലായിട്ടായിരുന്നു ഞങ്ങളുടെ ഈ യാത്ര.

പോകുന്നവഴിയ്ക്ക് ഞങ്ങളെ സ്വാഗതം ചെയ്യാൻ മരങ്ങളും ചെടികളുമെല്ലാം ഞങ്ങളെ കാത്തുനിൽ-

ക്കുന്നുണ്ടായിരുന്നു. മരങ്ങളാൽ ചുറ്റപ്പെട്ട ഒരു

മനോഹരമായ സ്ഥലത്ത് ഞങ്ങൾ ഇറങ്ങി. പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ട് കുറച്ച്ദൂരം നടന്നു.

ആ ഭയാനകമായ പ്രദേശത്ത് നദികളുടെ കളകള ശബ്ദവും കാറ്റിന്റെ

തലോടലാൽ നൃത്തമാടുന്ന ഇലകളുടെ ശബ്ദവും ഞങ്ങൾക്ക് കേൾക്കാൻ പറ്റുമായിരുന്നു. പിന്നെ ഞങ്ങൾ വീണ്ടും യാത്ര തിരിച്ചു. എങ്ങോട്ടേയ്ക്കാണെന്നോ? ശ്രീ അച്ചപ്പൻ വൈദ്യരുടെ അടുത്തേയ്ക്ക് തന്നെ.

കുറച്ച് സമയത്തിന് ശേഷം ഞങ്ങൾ അവിടെ എത്തി.അവിടെ കണ്ട കാഴ്ച അതിമനോഹരമായിരുന്നു.മലകളാൽ ചുറ്റപ്പെട്ട ഒരു പ്രദേശമായിരുന്നു അത്. ഞങ്ങൾ വൈദ്യരുടെ അടുത്തൽ ചെന്നു.അവിടെ കുറേ രോഗികൾ ഉണ്ടായിരുന്നു.ഒരു വീടിനു സമാനമായ എല്ലാസൗകര്യങ്ങളും അവിടെ ഉണ്ടായിരുന്നു.ആ വീടിനുചുറ്റും നിരവധി മരുന്നുചെടികൾ ഉണ്ടായിരുന്നു.ആ മരുന്നുചെടികളിൽ നിന്നാണ് അദ്ദേഹം പല രോഗങ്ങൾക്കുമുള്ള മരുന്നുകൾ ഉണ്ടാക്കുന്നത്.അവിടെയുള്ളവർ പ്രകൃതിയുമായി ഇണങ്ങി ജീവിയ്ക്കുന്നവരാണെന്ന് ഞങ്ങൾ മനസ്സിലാക്കി. പിന്നെ ഞങ്ങൾ അദ്ദേഹത്തെ കണ്ടു. പരിചയപ്പെട്ടു. അദ്ദേഹം പ്രായമേറിയ ഒരു വൈദ്യരായിന്നു. അതുകൊണ്ട് തന്നെ ചികിത്സ-

കൾ ചെയ്ത് ശീലമുള്ള ഒരാളാണെന്ന് അദ്ദേഹ-

മെന്ന് ഞങ്ങൾ മനസ്സിലാക്കി.ഞങ്ങൾ അദ്ദേഹ-

ത്തിന് ഒരു പൂച്ചെണ്ട് സമ്മാനിച്ചു.ഞങ്ങളുടെ സംശയങ്ങൾ തീർക്കുന്നതിന് ഞങ്ങൾക്ക് ലഭിച്ച ഒരു അവസരമായിരുന്നു അത്. ഏതു വിധത്തിലു-

ള്ള ചികിത്സകളാണ് നൽകുന്നതെന്ന് ഞങ്ങൾ

ചോദിച്ചറിഞ്ഞു. വെള്ളിയാഴ്ച്ചകളിലാണ് മരുന്നു

ശേഖരണം.അത്കൊണ്ട് തന്നെ അന്ന് അവിടെ അവധിയാണ്.

കാട്ടുകളിൽ നിന്നും മരുന്നുകൾ

ശേഖരിയ്ക്കുന്നുണ്ട്. ഷുഗർ, പ്രഷർ പോലെയുള്ള ജീവിതശൈലി

രോഗങ്ങൾ എങ്ങനെ നിയ-

ന്ത്രിയ്ക്കാമെന്നും, നമ്മുടെ ചുറ്റുമുള്ള പ്രകൃതിയിലെ

ഔഷധസമ്പത്തിനെ കുറിച്ചുമൊക്കെയുള്ള അറിവുകളും അദ്ദേഹം

ഞങ്ങൾക്ക് കൈമാറി. ചികിത്സ നൽകാറെയുള്ളൂ എന്നും അത്
മറ്റുള്ളവരെ

പഠിപ്പിക്കാറില്ല എന്നും അദ്ദേഹം പറഞ്ഞു.

ആയുർവേദവും അലോപ്പതിയും ഒരുമിച്ച് കഴിയ്ക്കു-

ന്നതിന് കുഴപ്പമില്ല എന്ന് ഞങ്ങൾ മനസ്സിലാക്കി.

കൈയ്യിലെ നാഡികൾ പിടിച്ചുനോക്കിയും അദ്ദേഹം രോഗം

എന്താണെന്ന് മനസ്സിലാക്കിയി-

രുന്നു. പാരമ്പര്യമായി കൈമാറിയ  ഒരു രീതിയാ-

ണിത്. പാരമ്പര്യചികിത്സാരീതികളെ കുറിച്ചുള്ള

അറിവുകളാലും നാഡീചികിത്സാ സംബന്ധമായ

അറിവുകൾ കൊണ്ടും അദ്ദേഹം സമ്പന്നനാണ്.
പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ചും ജൈവവൈവിധ്യം
നിലനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം ഞങ്ങളെ

ബോധ്യപ്പെടുത്തി. അസ്ഥിസംബന്ധമായും, വെരിക്കോസ് പെയ്ൻ

പോലുള്ള രോഗ-

ങ്ങളുടെ ചികിത്സകൾക്കായും എത്തിയിട്ടുള്ള വിവിധ രോഗികളെ

ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞു. ആ രോഗികളോടൊപ്പം

കുറച്ച് സമയം ഞങ്ങൾ ചെലവഴിച്ചു. ദൂരദേശ-

ങ്ങളിൽ നിന്ന് എത്തിച്ചേർന്നവരായിരുന്നു അവ-

രിൽ പലരും. അവരുമായി ഞങ്ങൾ അനുഭവങ്ങൾ പങ്കുവെച്ചു.
അദ്ദേഹത്തിന്റെ ചികിത്സാരീതിയിൽ

എല്ലാവരും സംതൃപ്തരായിരുന്നു. എന്തുകൊണ്ടും

ഏറെ മൂല്യവത്തായ ഒരനുഭവമായിരുന്നു ഞങ്ങൾ-

ക്ക് ഈ യാത്ര.

ആ മനോഹരമായ നിമിഷങ്ങൾക്ക് ശേഷം ഞങ്ങൾ അവിടെ

നിന്ന് യാത്ര തിരിച്ചു.

സ്കൂൾ വിടുന്നതിന് മുൻപ് തന്നെ ഞങ്ങൾക്ക് തിരിച്ച്

സ്കൂളിലെത്തണമായിരുന്നു. അവിടെ

അടുത്ത് തന്നെയായിരുന്നു എന്റെ വീട്. സ്കൂളിൽ

പോയിട്ട് തിരിച്ച് ഇങ്ങോട്ടേയ്ക്ക് തന്നെ വരണമല്ലോ

എന്നോർത്ത് ഞാൻ പോകുന്ന വഴിയ്ക്ക് എന്റെ

വീട്ടിൽ ഇറങ്ങി. വീട്ടിൽ എത്തിയതിനു ശേഷവും

എന്റെ മനസ്സിൽ ഈ യാത്രകളെ കുറിച്ചുള്ള ഓർമകളായിരുന്നു. ഒരിയ്ക്കലും
മറക്കാൻ കഴിയാത്ത

എന്റെ ഈ ഓർമകൾ ഞാൻ വീട്ടിലുള്ളവരുമായി

പങ്കുവെച്ചു. അങ്ങനെ ആ ദിവസം ഒരു ശുഭദിനമായി അവസാനിച്ചു.

ഡമരിസ് ബാബുരാജ് 9D

# കഥയറിയാതെ

വീടിന്റെ ഉമ്മറപ്പടിയിൽ ഇരിയ്ക്കുന്ന അവളോട് എന്തിനാണ് അയൽവാസിയായ ശോഭിക ചേച്ചി അകത്ത് കയറാൻ പറഞ്ഞതെന്ന് അവൾക്കറിയില്ല. അല്ലെങ്കിൽ വീട്ടിൽനിന്ന് പുറത്തിറങ്ങാത്തതിന്റെ പരാധിയും പരിഭവവും തീർന്ന സമയമില്ല ചേച്ചിയ്ക്ക്. ഇനി ചേച്ചിയ്ക്ക് എന്തെങ്കിലും പറ്റിയതാണോ? അല്ലെങ്കിൽ അവൾ കണ്ടത് ശോഭിക ചേച്ചിയെ തന്നെയാണോ. ആകപ്പാടെ അവൾക്ക് ഒരു പരിഭ്രാന്തിയായി. കുറച്ച് കഴിഞ്ഞപ്പോഴതാ അമ്മായിയും അമ്മാവനും ബോംബേന്ന് വരുന്നു. അപ്പോൾ അവൾ വിചാരിച്ചു : " ഇതാലെ ശോഭിക ചേച്ചി അകത്തു കയറാൻ പറഞ്ഞത്. പക്ഷേ ഞാൻ മാത്രം എന്ത് ചെയ്യാനാണ്.അമ്മയില്ലല്ലോ?അമ്മ പണിയ്ക്ക് പോയതല്ലേ." അമ്മായിയും അമ്മാവനും മാത്രമല്ല പുറകെ ചെറിയമ്മ, വല്യമ്മ തുടങ്ങി ഓരോ ബന്ധുക്കളും വീട്ടിലേയ്ക്ക് അടിച്ചുകയറാൻ

തുടങ്ങി.അപ്പോൾ കല്യാണവീട് എന്ന പോലെ. അവൾ വിചാരിച്ചു : "അമ്മ വരുമായിരിയ്ക്കും." അപ്പോൾ അവിടുന്ന് ആരോ പറയുന്നു : "അമ്മുക്കുട്ടീ, ഇതാ കുട്ടീടെ അമ്മ വന്നു."അവൾ ഓടി മുറ്റത്തെത്തി. പക്ഷേ അവൾ അമ്മയെ കണ്ടില്ല. പകരം ഒരു തൂവെള്ളനിറത്തിൽ കുടുപ്പിച്ച ഒരു ചുവപ്പ് വരയുള്ള ഒരു വാഹനമാണ്.കണ്ണാടിയിൽ കാണുന്നത് പോലെ ഇംഗ്ലീഷിൽ എന്തോ എഴുതിയിട്ടുണ്ട്. വല്യമ്മയുടെയും ചെറിയമ്മയുടെയും മറ്റും നിലവിളി കേൾക്കുന്നുണ്ട്.മറ്റുള്ളവരൊന്നും അത്രയ്ക്ക് സന്തോഷത്തിലുമല്ല.എന്തെന്നറിയാതെ അവൾക്ക് കുറേ നേരം വലയേണ്ടിവന്നു. അതിനു മുമ്പ് അതാ അവൾ ആദ്യം കാണുന്നു.ഒരു

വെള്ളത്തുണി കയറെന്ന നിലയിൽ കെട്ടി സ്റ്റക്ച്ചറിൽ കിടത്തിയ ശരീരമാകെ വെള്ള തുണികൊണ്ട്  മൂടിയിരിയ്ക്കുന്നു. മുഖം മാത്രം വ്യക്തമാകുന്നില്ല. ഒരു സ്ത്രീയാണെന്ന് തോന്നുന്നു. ഒരു മൃതദേഹമാണെന്ന് അവൾ ഉറപ്പിച്ചു. അവളുടെ അടുത്തെത്തി. അവൾ ഏന്തി നോക്കി.തന്റെ അമ്മ. "അമ്മേ" അവൾ ഉറക്കത്തിൽ നിന്നും ചാടി എഴുന്നേറ്റു. സമാധാനമെന്ന് വിചാരിച്ച അവൾ മുറിയിൽനിന്നും പുറത്തേയ്ക്ക് ഇറങ്ങി.അവളുടെ വീട് സ്വപ്നത്തിലേത് പോലെ തന്നെ. നിറയെ ബന്ധുക്കൾ, അയൽവക്കക്കാർ. ആൾക്കൂട്ടത്തിനിടയിലൂടെ നടുവിലെത്തിയ അവൾ ആകെ കോരിത്തരിച്ചു.അമ്മ വെള്ളത്തുണി മൂടിക്കിടക്കുന്നു. സ്വപ്നത്തിലേത് പോലെ തന്നെ. സ്വപ്നമോ യാഥാർത്യമോ എന്നറിയാതെ അവൾ ആകെ അലഞ്ഞു.

റനൂഷ പർവ്വിൻ

**9B**

# ഗർഭസ്ഥമായിരിക്കുന്നതിനെച്ചൊല്ലി....

പൂവ്വകാലമറിയും,
പേറോർമ്മ
അറ്റെങ്കിലും,
പേറ്റിച്ചികളില്ലാതെ,
കോടിപ്പഴക്കം കൊണ്ട,
ഒരു ഗർഭക്കുടം
കഴുകാത്ത ഉടുപ്പിൽ
ഒരടിവയർ കിളയ്ക്കുന്നത്

തിരക്കാവും പിന്നെ;
വരഞ്ഞുപെരുക്കുന്ന
ഒരടിക്കുമ്പയെ,
ഒരച്ഛൻ മുഖം
വിളക്കടുത്ത്
നോക്കുന്നതിന്റെ.

അപ്പുറപ്പുഴമ്പൊത്തിൽ
ഒരുറവക്കുഞ്ഞ്,
വെയിൽ നക്കി ചത്തുന്ന്,
പൂവ്വകാലത്തെ പ്രാകി,
കാഴ്ച്ചക്കാർ
രണ്ടു നരവണ്ടുകൾ...

മച്ചി കേറിയ
പൂവുകാലം,
വീശാതെനിന്ന
കരക്കാറ്റിനെ വിളിച്ചു.
രണ്ടാളും
തീ മണ്ണിൽ കുന്തിച്ചിരുന്ന്
ഗർഭമിരിയ്ക്കുന്നതിനെയെല്ലാം
ഒന്നൊന്നായ്
ഓർത്തു.....

സുജിത ടീച്ചർ
**ജി എച്ച് എസ് എസ്  തലപ്പുഴ**

## കടങ്കഥകൾ

1.ഇലയില്ലാത്ത വള്ളിയിൽ വെളിച്ചം തരും കായ

-ഇലക്ട്രിക് ബൾബ്

2.നല്ലൊരു നായക്ക് നാവിന്മേൽ പല്ല്

-ചിരവ

3.നീലം കീറി ഉരുളി കിട്ടി

-ചേന

4.ഒരു മരത്തിൽ രണ്ടു പഴം ഒന്നിനു മധുരം, ഒന്നിനു കായ്പ്പ്

-സുഖവും ദുഃഖവും

5.ഒരു കുപ്പിക്ക് രണ്ട് വായ

-മൂക്ക്

6.ആരും ആടിച്ചു വാരാത്ത മുറ്റം

-ആകാശം

7.കാണുമ്പോൾ കൊമ്പുണ്ട് തൊടുമ്പോൾ
കൊമ്പില്ല

-ഒച്ച്

8.ചെറിയ ബല്ലൂണിൽ ചെറിയരി നിറയെ

-വഴുതനങ്ങ

9.കയ്ക്കും പുളിയ്ക്കും, കൂടെ കൂടെ മധുരിക്കും
കണ്ണിമ്മേലുണ്ണി മാങ്ങ

-നെല്ലിക്ക

10.കാറ്റത്തോട്ടം കുടവയറൻ

-ബല്ലൂൺ

11.കാലിൻമേൽ കണ്ണുള്ളോൻ, വായിൽ

പല്ലില്ലാത്തോൻ, കടിച്ചാൽ മുറിയും

-കത്രിക

12.തിന്നില്ല,കുട്ക്കില്ല,തല്ലിയാൽ കരയും

-ചെണ്ട

13.ളെ ഏറ്റാൻ നാഒരാലാള്

-കട്ടിൽ

14.എല്ലാം കാണും, എല്ലാം കേൾക്കും

മിണ്ടാട്ടമില്ല, മറുപടിയില്ല

-കണ്ണും കാതും


15.വന്നപ്പോൾ ചുമന്നിട്ട്, കുളിച്ചപ്പോൾ
കറുത്തിട്ട്

-തീക്കട്ട

ഫർഹ ഫാത്തിമ. സി.വി

**9.D**

# ആറ്റൂർ രവിവർമ്മ



ആധുനിക കാലത്തെ പ്രധാന കവികളിൽ ഒരാളാണ് ആറ്റൂർ രവിവർമ്മ. അദ്ദേഹം 1930 ൽ തൃശ്ശൂർ ജില്ലയിലെ ആറ്റൂരിൽ ജനിച്ചു.കോളേജ് അധ്യാപകനായിരുന്ന അദ്ദേഹം.ആറ്റൂരിന് ആധുനികത തന്നെത്തന്നെ ഉരച്ചുനോ-
ക്കാനുള്ള ഉരകല്ലായിരുന്നു. കാറ്റിനാൽ ഉയർത്തപ്പെട്ട ഒരു പട്ടംപോലെ കനം നഷ്ടപ്പെട്ട് ആകാശത്തിലലയുവാനുള്ള ഉപാധിയായി ആറ്റൂർ ആധുനികതയെ കണ്ടതേയില്ല.പാര-
മ്പര്യത്തിനോടെന്ന പോലെ ആറ്റൂർ ആധുനികതയോടും അകലത്തിൽ നിന്ന് അടിപ്പം സൂക്ഷിച്ചു.തന്നെ ചരിത്രത്തി-
ലടയാളപ്പെടുത്താൻ ശ്രമിക്കുന്നവർക്കൊന്നും ആ 'മേഘരൂ-
പൻ' വഴങ്ങിത്തരില്ല. ആറ്റൂരിനെ പഠിക്കാൻ മറ്റു വഴികളില്ല. ആ കവിതയെ പിന്തുടരുകയല്ലാതെ.പാരമ്പര്യത്തിന്റെ കരു-
തലും കരുത്തും കാവ്യാധ്വാവിൽ സഞ്ചരിക്കുന്നവർക്ക് കൂടെ-
യുണ്ടാകണമെന്നാണ് ഇവരുടെ ആഗ്രഹം. അശിക്ഷിത പ-
ട്ടുക്കളെപോലും ഇതു രക്ഷിക്കുമെന്നാണ് ഇക്കൂട്ടരുടെ പ്രതീക്ഷ.

ഷിജില കെ.പി

**9D**

# സ്റ്റീഫൻ ഡബ്ല്യു ഹോക്കിങ്ങ്



ബ്രിട്ടിഷ് ഭൗതികശാസ്ത്രജ്ഞനായിരുന്ന സ്റ്റീഫൻ വില്യം ഹോക്കിങ്. 1942-ൽ ജനുവരി 8-ാം തീയ്യതി ഇംഗ്ലാണ്ടിലെ ഓക്സ്ഫോറസ് എന്ന സ്ഥലത്ത് ജനിച്ചു.നക്ഷത്രങ്ങൾനശിക്കുമ്പോൾ രൂപം കൊള്ളുന്ന തമോഗർത്തങ്ങളെക്കുറിച്ച് ഇന്നു ലഭ്യമായ വിവരങ്ങളിൽ പലതും ഇദ്ദേഹത്തിന്റെ ഗവേഷണങ്ങ-ളിലൂടെ തിരിച്ചറിഞ്ഞതാണ്.


ബ്രിട്ടനിലെ കേംബ്രിഡ്ജ് യൂണിവേ-സിറ്റിയിലെ പ്രപഞ്ചശാസ്ത്രവിഭാഗത്തിലെ ഡയറക്ടറാ-യിരുന്നു അദ്ദേഹം. "കാലത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം."എന്ന പ്രശസ്തമായ ഗ്രന്ഥം രചിച്ചത് ഇദ്ദേഹ-മാണ്. കേംബ്രിഡ്ജ് സർവ്വകാലശാലയിലെ ഗണിത-ശാസ്ത്ര ലൂക്കാച്ചിയൻ പ്രൊഫസർ എന്ന ഉന്നതപദവി മൂന്നു പതിറ്റാണ്ടുകൾ അദ്ദേഹം വഹിച്ചിരുന്നു.

നാഡീകോശങ്ങളെ തകർത്തുന്ന മാരക-മായ അമയോട്രോപ്പിക് ലാറ്ററൽ സ്ക്ലിറോസിസ് എന്ന രോഗബാധിതനായിരുന്നു അദ്ദേഹം 2018 മാർച്ച് 14 ന് തന്റെ 76-ാം വയസ്സിൽ അദ്ദേഹം ലോകത്തോട് വിടപറഞ്ഞു.

FAHILA NASMIN

9 A

# എ.പി.ജെ അബ്ദുൾ കലാം



1931-ൽ തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ചു.യഥാർത്ഥ നാമം അവുൽ പകിർ ജൈന ലബ്ദീൻ അബ്ദുൾ കലാം.പിതാവ് ജൈനുലബ്ദിൻ.മാതാവ് അഷിയമ്മ. മിസൈൽ ടെക്നോളജി വിദഗ്ധൻ ,തമിഴ് ഭാഷാപണ്ഡിതൻ,തമിഴ് കവി എന്നീ നിലകളിൽ പ്രശസ്തൻ. തിരുച്ചിയിലെ സെന്റ് ജോസഫ്സ് കോളജിൽനിന്ന് ബിരുദം. മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിൽ എയ്റോ എൻജിനീയറിങ്ങിൽ പ്രത്യേക വൈദഗ്ധ്യം നേടി. എൻ. എ.എസ്. എ. യിൽ നാലു മാസം പഠനപര്യടനം നടത്തിയിട്ടുണ്ട്.

ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷന്റെ (DRDO) മേധാവി,ഡിപ്പാർട്ട്മെന്റ് ഒഫ് ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ സെക്രട്ടറി, രാജ്യരക്ഷാമ-ന്ത്രിയുടെ ശാസ്ത്രോപദേശകൻ, SLV-3-ന്റെ പ്രോജക്ട് ഡയറക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ആര്യഭട്ട അവാർഡ് (1994), പദ്മ-ഭൂഷൺ, ഭാരത രത്നം (1997) തുടങ്ങിയ ബഹുമതികൾ ലഭിച്ചു. 2002 ജൂലൈ 18-ന് ഇന്ത്യയുടെ 12-മത്തെ രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടു.

ഫർഹ ഫാത്തിമ. സി.വി
9D

# എന്റെ പ്രകൃതി

സുന്ദരമാണി പ്രകൃതി
ഹരിതാപമാണി പ്രകൃതി
വിസ്മയങ്ങളുടെ കലവറയാണ്
നിറനിലാവിന്റെ കാന്തി



കഥകൾ പറയുന്ന
കല്ലും മണ്ണും
കളികൾ ചൊല്ലുന്ന
കിളികളും
പരവതാനിയായി നെല്ലും
കൃഷിയും കളകളും ഒഴുകുന്ന
അരുവികളും

പനിനീർ പൂവിൻ
സുഗന്ധമായ് കാറ്റും
പുതുമണ്ണിന്റെ
ഗന്ധമായ് മഴയും

സൂര്യൻ തൻ പൊൻ
കിരണങ്ങളായ്
പുഞ്ചിരിക്കും
രാവുകളും

താരകങ്ങൾ തൻ തിളക്കമായ്
പാതി ചന്ദ്രന്റെ മുഖവുമായി
രജനിയും എത്തുന്നു

സുന്ദരമാണി പ്രകൃതി
ഹരിതാപമാണി പ്രകൃതി

ശ്രീജിന.വി

9.D

# മലയാളം


മലയാളം മലയാളിയ്ക്ക് അമ്മിഞ്ഞപ്പാലോളം മധുരമായ പദം.ദ്രാവിഡഭാഷ കുടുംബത്തിൽ പെടുന്ന മലയാളത്തിന് ഉത്തര ഭാരതീയ ഭാഷകളായ സംസ്കൃതം,തമിഴ് എന്നീ ഉദാത്ത ഭാഷകളുമായി പ്രകടമായ ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു.മറ്റുള്ള ഭാഷകളെല്ലാം കേവലം ധാത്രിമാർ മാത്രമാണ്.മലയാളത്തിലെ കവികളെ തന്നെ പ്രാചീന കവിത്രയങ്ങളെന്നും ആധുനിക കവിത്രയങ്ങളെന്നും രണ്ടായി തരംതിരിക്കുന്നു.

മലയാളവും സംസ്കൃതവും ഇടകലർത്തി രചിച്ച ഒരു മഹത്തായ ഗ്രന്ഥമാണ് അധ്യാത്മരാമായണം കിളിപ്പാട്ട്. ഇത് രചിച്ചിരിയ്ക്കുന്നത് എഴുത്തച്ഛൻ ആണ്. മധ്യകാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഷയായി കരുതപ്പെട്ടിരുന്നത് സംസ്കൃതമാണ്.ഇന്ന് മലയാളിയില്ലാത്ത ഒരു കോണപോലും ലോകത്തെവിടെയും ഇല്ല.എവിടെ മലയാളിയുണ്ട് അവിടെ മലയാളിയുമുണ്ട്.ഇത് മലയാള ഭാഷയുടെ പൈതൃകമായി കണക്കാക്കാൻ സാധിയ്ക്കും.നാം സ്വപ്നം കാണുന്നത് നമ്മുടെ മലയാള ഭാഷയിലാണ്.

ഭാഷയുടെ ഉയർച്ച നമ്മുടെ സംസ്ക്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ഉയർച്ചയായി കണക്കാ-ക്കാം.ഭാഷയുടെ പതനം സംസ്ക്കാരത്തിന്റയും പാരമ്പര്യത്തിന്റയും തകർച്ചയായികണക്കക്കാം. ഭാഷയാണ് ശക്തി .ഭാഷയാണ് നമ്മുടെ ആയുധം.

അമയ ബാലകൃഷ്ണൻ

9D


ആര്യനന്ദ T.J 8:D


ആര്യനന്ദ T.J 8:D


Swathika
8.D


ഫാത്തിമത്തുൽഫിദ
8:C